## വിദ്യാഭ്യാസ വായ്പ പലിശ ഇളവ്

3 (7602) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 വർഷം മുതലുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാധ്യത പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) പ്രസ്തുത ആനുകൂല്യം ബി.പി.എൽ. വിഭാഗക്കാർക്കൊപ്പം എ.പി.എൽ. വിഭാഗത്തിനും ബാധകമാക്കിയിട്ടുണ്ടോ ;

(സി) ഇപ്രകാരം ആനുകൂല്യം പ്രഖ്യാപിച്ചതിനുശേഷവും ബാങ്കുകൾ കുടിശ്ശിക തുക ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇപ്രകാരം പലിശ ഇനത്തിൽ ബാങ്കുകൾ ഈടാക്കിയ തുക മുതലിനോട് ചേർത്ത് തിരിച്ചടവ് ബാധ്യതയിൽ കുറവു വരുത്താൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത് ജോലി ലഭിക്കാത്ത BPL വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ച ആനുകൂല്യത്തിനർഹരായവരുടെ കുടിശ്ശിക തുക ബാങ്കുകൾ ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർവ്വീസ് പെൻഷൻ

4 (7604) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിൻ കീഴിലുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സർവ്വീസ് പെൻഷൻ നടപ്പിലാക്കാത്തതിനാൽ മികച്ച ശാസ്ത്രജ്ഞന്മാരെ ഈ സ്ഥാപനങ്ങളിലേക്ക് ആകർഷിക്കുന്നതിന് വിഘാതം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർവ്വീസ് പെൻഷൻ നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ; ആയതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്. കേരള ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിലിലെ ജീവനക്കാർക്ക് പെൻഷൻ നടപ്പിലാക്കുന്നത് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 1-3-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 1/2011 / ശാ.സാ.വ. പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവനുസരിച്ച് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**പരിസ്ഥിതി സംരക്ഷണത്തിനുള്ള ഗ്രീൻ ബോണസ് സംവിധാനം**

5 (7605) ശ്രീ. സാജു പോൾ :
ശ്രീ. ജയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ വൈദ്യുതി പദ്ധതികൾ നഷ്ടപ്പെട്ടതിനു പരിഹാരമായി കേന്ദ്ര സർക്കാർ ഗ്രീൻ ബോണസ് സംസ്ഥാനത്തിന് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ബോണസ്സിന്റെ വിശദ വിവരം അറിയിക്കുമോ ;

(സി) ബോണസ് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ബോണസ് അനുവദിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പതിമൂന്നാം ധനകാര്യകമ്മീഷൻ ഗ്രീൻ ബോണസിനായി അടുത്ത അഞ്ച് വർഷത്തേക്ക് അയ്യായിരം കോടി രൂപ നീക്കി വച്ചിട്ടുണ്ട്. വനസംരക്ഷണത്തിന് ജനപങ്കാളിത്തം അത്യന്താപേക്ഷിതമാണ്. ആയതിനാൽ ജനപ്രദേശത്തെ വികസന പ്രവർത്തനങ്ങൾ വനസംരക്ഷണത്തിന്റെ പേരിൽ നടപ്പിലാക്കാതെ പോകുന്നു. ഓരോ സംസ്ഥാനങ്ങളുടേയും വനസംരക്ഷണത്തിലൂടെ വനത്തിന്റെ വിസ്തീർണ്ണം കൂടുന്ന മുറയ്ക്ക് ഗ്രീൻ ബോണസ് ആനുപാതികമായി കൂടും. ഇൻഡ്യയുടെ ഓരോ വർഷവും ഉള്ള ശരാശരി വനവിസ്തീർണ്ണത്തിന്റെ തോത് കണക്കാക്കി അതിന് ആനുപാതികമായി ഒരു ഫോർമുല കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം രൂപപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ വനവിസ്തീർണ്ണം, സംസ്ഥാനത്തിന്റെ ആകെ വിസ്തീർണ്ണം, വന സാന്ദ്രത കൂടാതെ നിർദ്ദിഷ്ട കാലയളവിൽ കൂടിയ വനവിസ്തീർണ്ണം എന്നിവ ഉൾപ്പെടുത്തിയാണ് പ്രസ്തുത ഫോർമുല രൂപപ്പെടുത്തിയിരിക്കുന്നത്.

(സി) ഇല്ല.

(ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.